# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1629** | **21-01-2014 ൽ മറുപടിയ്ക്ക്**

## ഭക്ഷ്യസുരക്ഷാ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ഡോ. എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ മുൻനിർത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃഷിവകുപ്പ് കൈക്കൊണ്ടിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാം; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം, കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി, നെല്ലു സംഭരണം, ചെറുകിട യന്ത്രവല്ക്കരണത്തിനുള്ള പദ്ധതി, നെൽകൃഷിയ്ക്കുള്ള ഉല്പാദനബോണസ്, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം കരനെൽകൃഷി, വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതു ഞാറ്റടി, വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിനു വികസന പദ്ധതി, കാർഷിക യന്ത്രവല്ക്കരണം എന്നിവയും, സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശുനിലകൃഷി, നെൽകൃഷിയ്ക്കു ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡമോൺസ്ട്രേഷൻ, ഉല്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനി കിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നെൽ വികസന ഏജൻസികൾക്കുള്ള ധനസഹായം എന്നിവയും നടപ്പിലാക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| ബി) | ഇപ്രകാരം നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങളിലൂടെ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; | (ബി) | നെല്ലുല്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചു. 2010-2011 ൽ 522740 മെട്രിക് ടൺ ഉല്പാദനം ആയിരുന്നത് 2011-2012 വർഷം 568993 മെട്രിക് ടൺ ആയി ഉയർന്നു. ആയതിനാൽ 2011-2012 വർഷം മുൻ വർഷത്തേക്കാൾ 46253 മെട്രിക് ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) | 2014-2015 ൽ നെൽകൃഷി വികസനത്തിനായി 3300 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ